# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 28

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

അഞ്ചാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 22 മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/409/2019)

സീപാസിലെ ഏഴാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 13ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് രണ്ടുവരെയും 500 രൂപ പിഴയോടെ അഞ്ചുവരെയും 1000 രൂപ സൂപ്പർഫൈനോടെ ആറുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/410/2019)

**പ്രാക്ടിക്കൽ**

ഒന്നും രണ്ടും വർഷ ബി.എഫ്.എ. മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 11 മുതൽ ഏപ്രിൽ ഒൻപതു വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും.

(പി.ആർ.ഒ./39/411/2019)

മൂന്ന്, അഞ്ച്, ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) ജനുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/412/2019)

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിന്റെ 2018-19 എം.ഫിൽ. ബിസിനസ് സ്റ്റഡീസ് ബാച്ചിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. വിദ്യാർഥികൾ അസൽ രേഖകളുമായി മാർച്ച് അഞ്ചിനകം പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/413/2019)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2018-19 എം.ഫിൽ പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.എഡ്. പ്രോഗ്രാമിന് 50% മാർക്കോടെ വിജയിച്ച എസ്.ടി. വിദ്യാർഥികൾ മാർച്ച് ആറിന് രാവിലെ 10ന് യോഗ്യത, ജാതി രേഖകളുമായി പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 0481-2731042.

(പി.ആർ.ഒ./39/414/2019)

**എം.ഫിൽ പ്രവേശന പരീക്ഷ മാർച്ച് 13ന്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ 2018-19 അധ്യയന വർഷത്തെ എം.ഫിൽ ജനറൽ സോഷ്യൽ സയൻസ് കോഴ്സിന്റെ പ്രവേശന പരീക്ഷ മാർച്ച് 13ന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കും. തുടർന്ന് അഭിമുഖവും നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2392383.

(പി.ആർ.ഒ./39/415/2019)

**പരീക്ഷ ഫലം**

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എസ്സി. ഐ.ടി. ആന്റ് സി.സി. ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം. 2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/416/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ആക്ച്വറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/417/2019)

## ബി.എസ്‌സി. സൂക്ഷ്മപരിശോധന

2018 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ 2019 മാർച്ച് ആറ്, ഏഴ്, എട്ട് തീയതികളിൽ തിരിച്ചറിയൽ രേഖകളുമായി സിൽവർ ജൂബിലി പരീക്ഷാഭവനിലെ 226-ാം നമ്പർ മുറിയിൽ അസൽ രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/418/2019)

## ബി.ടെക് ഉത്തരക്കടലാസുകൾ എത്തിക്കണം

വിവിധ ബി.ടെക് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി കോളേജുകളിൽ നിന്നും സർവകലാശാലയിൽ എത്തിക്കണം. സിൽവർ ജൂബിലി പരീക്ഷഭവനിലെ റൂം നമ്പർ 511ൽ മാർച്ച് രണ്ടിനകം ഉത്തരക്കടലാസുകൾ നൽകണം.

(പി.ആർ.ഒ./39/419/2019)

## കേരളത്തിലെ ആധുനികതയുടെ പുനർവായന അനിവാര്യം - പ്രൊഫ. എ.കെ. രാമകൃഷ്ണൻ

കേരളം ഒരു ആധുനിക സമൂഹമാണെന്ന് അവകാശപ്പെടുമ്പോഴും യാഥാസ്ഥിതികതയുടെ അംശങ്ങളാണ് പലപ്പോഴും സാമൂഹ്യ ജീവിതത്തിൽ പ്രകടമാകുന്നതെന്ന് പ്രൊഫ. എ.കെ. രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിച്ച കേരള പഠന കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് അധ്യക്ഷത വഹിച്ചു. പ്രൊഫ. കെ.എം. സീതി, ബെന്നി കുര്യാക്കോസ്, ഡോ. സി.എസ്. വെങ്കിടേശ്വരൻ, കെ.കെ.കൊച്ച്, പ്രൊഫ. എ.കെ. രാമകൃഷ്ണൻ, പ്രൊഫ. ജോസഫ് കോയിപ്പള്ളി, ബിനീത തമ്പി, ഡോ. ബിജു ലക്ഷ്മണൻ, മിനി സുകുമാർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രൊഫ. എം.എച്ച്. ഇല്ല്യാസ്, ഡോ. പി.പി. നൗഷാദ് എന്നിവർ സംസാരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിച്ച കേരള പഠന കോൺഫറൻസ് പ്രൊഫ. എ.കെ. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/420/2019)

## 'കേസരി' ഡോക്യുമെന്ററി പ്രദർശിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കേരള പഠന കോൺഫറൻസിന്റെ ഭാഗമായി കേസരി ബാലകൃഷ്ണപിള്ളയുടെ ജീവചരിത്രവും കൃതികളെയും ആസ്പദമാക്കിയ ബൗദ്ധിക ജീവചരിത്ര ഡോക്യുമെന്ററി 'കേസരി'യുടെ പ്രദർശനം നടന്നു. കെ.ആർ. മനോജാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഡോ. പി.എസ്. രാധാകൃഷ്ണൻ, ജോൺ മാത്യു, ഡോ. ബിജുലാൽ, പ്രൊഫ. എം.എച്ച്. ഇല്ല്യാസ്, ഡോ. പി.പി. നൗഷാദ്, എലിസബത്ത് ഫിലിപ്പ് തുടങ്ങിയവർ സംസാരിച്ചു.

(പി.ആർ.ഒ./39/421/2019)

**സജീവ് പി.കെ.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)